**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3763** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിനുള്ള പുതിയ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിന് പുതുതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (എ) | 1. ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്‌പെക്ടർ മാത്രമുള്ള ഓഫീസുകളിൽ 40 ടെസ്റ്റും, രണ്ട് മോട്ടോർ വെഹിക്കിൾസ് ഇൻസ്‌പെക്ടർമാർ ഉള്ള ഓഫീസുകളിൽ (40x2) 80 ടെസ്റ്റും പ്രതിദിനം നടത്തുന്നതാണ്. 25 പുതിയ അപേക്ഷകർ, 10 റീടെസ്റ്റ് അപേക്ഷകർ, 5 പേർ പഠനാവശ്യം ഉൾപ്പെടെ വിദേശത്ത് പോകുന്നവരോ, വിദേശത്തുനിന്ന് ലീവിന് വന്ന് മടങ്ങിപ്പോകാനുള്ളവരോ ആയ പ്രവാസികൾ എന്ന രീതിയിലാണ് ടെസ്റ്റ് നടത്തുന്നത്.<br><br>2. 22 വർഷം വരെ പഴക്കമുള്ള ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾ ഡ്രൈവിംഗ് ടെസ്റ്റിന് ഉപയോഗിക്കാവുന്നതാണ്.<br><br>3. റോഡ് സുരക്ഷ മുൻനിർത്തി ഗ്രൗണ്ട് ടെസ്റ്റിന് ശേഷം റോഡ് ടെസ്റ്റ് നടത്തുന്ന രീതി തുടരുന്നതാണ്. റോഡ് ടെസ്റ്റുകൾ സമയക്രമം പാലിച്ച് റോഡിൽത്തന്നെ നടത്തുന്നതാണ്. ടെസ്റ്റിന് വിധേയരാകുന്നവർക്ക് മോട്ടോർ വാഹന ചട്ടം അനുശാസിക്കുന്ന നിയമങ്ങളെക്കുറിച്ച് ശരിയായ അറിവുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്.<br><br>4. മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓരോ സ്കൂളിനും യോഗ്യതയുള്ള ഒരു ഡ്രൈവിംഗ് ഇൻസ്ട്രക്ടറെ നിയോഗിച്ചിട്ടുണ്ടെന്നും ടിയാളുടെ സാന്നിദ്ധ്യമുണ്ട് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തും.<br><br>5. റോഡ് സുരക്ഷ കണക്കിലെടുത്ത് ഡ്യുവൽ ക്ലച്ച് / ബ്രേക്ക് സംവിധാനമുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന രീതി തുടരുന്നതാണ്. ഏതൊരാൾക്കും സ്വന്തമായി വാഹനം ഓടിച്ചു പഠിക്കാനും ഡ്രൈവിംഗ് ടെസ്റ്റിന് അപേക്ഷിക്കാനും, സ്വന്തം വാഹനത്തിൽ ടെസ്റ്റിന് ഹാജരാകാനും അവസരം ഉറപ്പുവരുത്തും. |

| | | | |
|---|---|---|---|
| | | | 6. ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ സർക്കാർ ഉടമസ്ഥതയിലാക്കാനുള്ള നടപടികൾ വേഗത്തിലാക്കും. ഇതിനായി റവന്യൂ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / കെ.എസ്.ആർ.ടി.സി. എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>7. ലേണേഴ്സ് ലൈസൻസ് നേടിയവരുടെയും, പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നവരുടെയും പട്ടിക തയ്യാറാക്കി അപേക്ഷകരുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള സ്ഥലങ്ങളിലേക്ക് മറ്റു ഓഫീസുകളിൽ നിന്നും താല്കാലികമായി ഉദ്യോഗസ്ഥരെ വിന്യസിച്ചുകൊണ്ട് ടെസ്റ്റ് നടത്തി അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ